## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **07-02-2023 - ൽ മറുപടിയ്ക്ക്**

## പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി . ഉബൈദുള്ള</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ 2021 ഒക്ടോബറിന് ശേഷം എത്ര പേരെ പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;</td><td>(എ)</td><td>
<table>
<tr><td>ജില്ല</td><td>എണ്ണം</td></tr>
<tr><td>തിരുവനന്തപുരം</td><td>335</td></tr>
<tr><td>കൊല്ലം</td><td>259</td></tr>
<tr><td>പത്തനംതിട്ട</td><td>106</td></tr>
<tr><td>ആലപ്പുഴ</td><td>166</td></tr>
<tr><td>കോട്ടയം</td><td>104</td></tr>
<tr><td>ഇടുക്കി</td><td>54</td></tr>
<tr><td>എറണാകുളം</td><td>168</td></tr>
<tr><td>തൃശ്ശൂർ</td><td>188</td></tr>
<tr><td>പാലക്കാട്</td><td>231</td></tr>
<tr><td>മലപ്പുറം</td><td>277</td></tr>
<tr><td>കോഴിക്കോട്</td><td>218</td></tr>
<tr><td>വയനാട്</td><td>77</td></tr>
<tr><td>കണ്ണൂർ</td><td>172</td></tr>
<tr><td>കാസർഗോഡ്</td><td>174</td></tr>
<tr><td>ആകെ</td><td>2529</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് ഇതിനുമുമ്പ് വിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും കേഡറിൽ പ്രമോഷൻ നൽകിയിട്ട് അതിനനുസൃതമായ ശമ്പള സ്കെയിൽ നൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏത് വർഷം; കേഡറും വകുപ്പും തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലുള്ള കേസിന്റെ അന്തിമ വിധിക്കനുസരിച്ചായിരിക്കും സ്ഥിരനിയമനം എന്നതിനാൽ കേസിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (സി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമാദ്ധ്യാപക തസ്തികയിൽ പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി യിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിൽ കേസ് ഒഴിവാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത കേസിൽ സർക്കാർ ഭാഗത്ത് നിന്ന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമാദ്ധ്യാപക തസ്തികയിൽ പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതി യിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിൽ കേസ് ഒഴിവാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ